PRESS RELEASE

# ആംബുലൻസ് ഡ്രൈവർമാർക്കായി റോഡപകട പ്രഥമശുശ്രുഷ പരിശീലനം

കേരളത്തിലെ അസ്ഥിരോഗ വിദഗ്ധരുടെ സംസ്ഥാന സംഘടന ആംബുലൻസ് ഡ്രൈവർമാർക്കായി അഖില കേരള സൗജന്യ റോഡപകട പ്രഥമശുശ്രുഷ പരിശീലന സെമിനാറും സർട്ടിഫിക്കറ്റ് വിതരണവും 29-07-07 ഞായറാഴ്ച 10.30 മുതൽ 3.30 വരെ കോട്ടയം സി.എം. എസ് കോളേജ് ഹാളിൽ വച്ചു നടത്തുന്നു

കേരള ഓർത്തോപിഡിക് അസോസിയേഷൻ സംസ്ഥാന ഐ.ടി സെക്രട്ടറി ഡോ:എം.എൽ. ജിമ്മിയുടെ സംഘാടകത്വത്തിലും കെ.ഒ.എ, കോട്ടയം ലയൻസ് ഡിസ്ട്രിക്റ്റ് എന്നിവയുടെ സഹായത്തോടെയും നടത്തുന്ന പ്രസ്തുത സെമിനാറിന്റെ ഉൽഘാടനം മുൻ മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാി എം.എൽ.എ. നിർവഹിക്കുന്നതും ശ്രീ വി.എൻ വാസവൻ എം.എൽ.എ, കെ.ഒ.എ.സംസ്ഥാന പ്രസിഡന്റ് ഡോ:തോമസ് മാത്യു, സംസ്ഥാന സെക്രട്ടറി ഡോ:എം. ജയകുമാർ, ലയൻസ് ഗവർണർ ഡോ. ജോർജ് മാത്യു എന്നിവർ സംസാരിക്കുന്നതുമായിരിക്കും.

പ്രസ്തുത സെമിനാറിൽ അസ്ഥിരോഗ വിദഗ്ധനായ ഡോ:എം.എൽ. ജിമ്മി, പോലീസ് സി.ഐ. ശ്രീ വി.ജി വിനോദ്കുമാർ, ട്രാഫിക് സി.ഐ. ശ്രീ ടി.എൻ വിനോദ്കുമാർ, ഇന്ത്യൻ ഇൻസിറ്റ്യുട്ട് ഓഫ് എമർജൻസി മെഡിക്കൽ സർവ്വീസസ് എന്നിവർ എൽ.സി.ഡി.പ്രോജക്ടറും, സി.പി.ആർ മാൻകിനും, മോഡലുകളും ഉപയോഗിച്ച് കാസ്സെടുക്കുന്നതായിരിക്കും. റോഡപകട ങ്ങളുമായി ബന്ധപ്പെട്ടതും അല്ലാതെയുള്ള അത്യാഹിതങ്ങളെ അപകട സ്ഥലത്തും ആംബു ലൻസിലും ആവശ്യമായ എല്ലാവിധ പ്രഥമശുശ്രുഷകളും പരിചരണവും നൽകാനുള്ള പരിശീ ലനം നൽകപ്പെടും. റോഡപകടങ്ങളുടെ പോലീസ്, നിയമ വശങ്ങളും ചർച്ച ചെയ്യപ്പെടും. സൗജന്യ ഉച്ചഭക്ഷണവും കെ.ഒ.എ.യുടെ സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്.